സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012
SCERT
Phone: 0471 - 2341883, 2340323
E-mail: scertkerala@gmail.com

2017 ആഗസ്റ്റ് 17

പ്രേഷകൻ

**ഡയറക്ടർ**
എസ്.സി.ഇ.ആർ.ടി.

സ്വീകർത്താവ്

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**
ഡി.പി.ഐ. ഓഫീസ് ജഗതി

സർ,

വിഷയം : സമഗ്ര ചോദ്യജാലകത്തിൽ എല്ലാ അധ്യാപകരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നത് സംബന്ധിച്ച് :-

പൊതുപരീക്ഷ, ടേം പരീക്ഷകൾ എന്നിവയ്ക്കാവശ്യമായ ചേദ്യശേഖരം തയാറാക്കുന്നതുമായി ബന്ധപ്പെട്ട് ഐ.റ്റി@സ്കൂളിന്റെ സഹായത്തോടെ സമഗ്ര ചോദ്യജാലകം എന്ന വെബ് പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. 2017 ആഗസ്റ്റ് 5-ാം തീയതി നടന്ന ക്ലസ്റ്റർ പരിശീലനത്തിൽ ഇത് പരിചയപ്പെടുത്തിയിരുന്നു. പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത എല്ലാ അധ്യാപകരും അടിയന്തിരമായി രജിസ്റ്റർ ചെയ്തു എന്ന് അതത് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ അധ്യാപകരും അവരവരുടെ വിഷയത്തിൽ ഓരോ പാഠത്തിൽ നിന്നും കുറഞ്ഞത് ഒരു ചോദ്യമെങ്കിലും തയാറാക്കി സ്കൂൾ സബ്ജക്ട് കൗൺസിലിൽ ചർച്ചചെയ്ത് ആവശ്യമായ മെച്ചപ്പെടുത്തലുകളോടെ അപ്ലോഡ് ചെയ്യേണ്ടതാണ്. ഈ പ്രവർത്തനങ്ങൾക്ക് പ്രഥമാധ്യാപകർ നേതൃത്വം നൽകേണ്ടതും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മോണിറ്റർ ചെയ്യേണ്ടതുമാണ്. പോർട്ടലിൽ നടത്തുന്ന എല്ലാ എൻട്രികളും പരിശോധനകളും സംസ്ഥാനതലത്തിൽ നിരീക്ഷിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

ഈ വിവരം എല്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും പ്രഥമാധ്യാപകരെയും അടിയന്തിരമായി അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

**ഡയറക്ടർ**

D/Director/Letters(296)